# INDIAN ECONOMY

## ഇന്ത്യൻ സമ്പദ് വ്യവസ്ഥ



ജോബിൻ എസ് കൊട്ടാരം

ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥ കളിലൊന്നാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥ.

സിവിൽ സർവ്വീസ്, കെ.എ.എസ് തുടങ്ങി എല്ലാ പ്രമുഖ മത്സര പരീക്ഷകളിലും ധാരാളം ചോദ്യങ്ങൾ ഇന്ത്യൻ ഇക്കോണമിയുമായി ബന്ധപ്പെട്ട് വരാറുണ്ട്.

സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദ, ബിരുദാനന്തര ബിരുദ പഠിതാക്കൾക്കും ഏറെ പ്രയോജനം ചെയ്യുന്ന രീതിയിലാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. മലയാളത്തിൽ സിവിൽ സർവ്വീസ്, കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷകളെഴുതുവാൻ വിദ്യാർത്ഥികളെ സഹായിക്കുക എന്ന വലിയ ലക്ഷ്യത്തോടെ, അബ്സൊല്യൂട്ട് ഐ.എ.എസ് അക്കാദമി ഡയറക്ടറും, വിദ്യാഭ്യാസ വിചക്ഷണനും, എഴുത്തുകാരനും, പംക്തികാരനുമായ ജോബിൻ എസ്. കൊട്ടാരം രചിച്ചിരിക്കുന്ന പുസ്തകമാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥ.


ABSOLUTE Publications

Malakunnam, Kottayam 686535., Tel : 98476 89422

₹475

ISBN 978-81-944092-2-9

9788194409229



INDIAN ECONOMY

ജോബിൻ എസ് കൊട്ടാരം



ABSOLUTE Publications


# INDIAN ECONOMY

## ഇന്ത്യൻ സമ്പദ് വ്യവസ്ഥ




## ജോബിൻ എസ് കൊട്ടാരം

College Of Avian Sciences & Management
LIBRARY
★KVASU Thiruvazhamkunnu-678 601★

1251

College Of Avian Sciences & Management
LIBRARY
★KVASU Thiruvazhamkunnu-678 601★

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No..............................                    Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

ABSOLUTE
Publications

Malayalam (Indian)

**Indian Economy**

Education

Editor **Jobin S. Kottaram**

1st Edition : May 2020, 2nd Edition : July 2020

**3rd Edition : August 2020**

Cover design: Abhilash S.S.

Typeset & Layout: Shijo Maliyekal

Printing: Manipal Technologies Limited, Manipal

Published by:

**Absolute Publication**

**Corporate Office:** Malakunnam, Kottayam, Kerala

Pin: 686535, India, **Ph: 98476 89422, 9447259402**

**Administrative Office:**

Ground Floor, Haji M Bava Commercial Complex,

Ambuja Vilasam Road,Trivandrum

**E-mail:** absoluteiasacademy@gmail.com

**Website:** www.absoluteiasacdemy.com

www.onlinecivilserviceacademy.com

**ISBN : 978-81-944092-2-9**

All rights reserved. No part of this publication may be reproduced, stored in a retrieval system or transmitted in any form, or by any means, electronic, mechanical, photocopying, recording or otherwise, without prior permission of the publisher.

(C) Author

**Price: ₹ 475/-**

## ജോബിൻ എസ്. കൊട്ടാരം

കേരളത്തിലെ പ്രമുഖ സിവിൽ സർവീസ് പരിശീലകൻ. രാജ്യാന്തരതലത്തിൽ അറിയപ്പെടുന്ന മാനേജ്മെന്റ് വിദഗ്ധനും, മോട്ടിവേഷനൽ സ്പീക്കറുമായ ജോബിൻ എസ്. കൊട്ടാരം ഇംഗ്ലീഷിലും മലയാളത്തിലുമായി മുപ്പതോളം ബെസ്റ്റ് സെല്ലറുകളായ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദപഠനം പൂർത്തിയാക്കിയ ജോബിൻ എസ്. കൊട്ടാരം, ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റിൽ എം.ബി.എ.യും, സൈക്കോളജിയിൽ ബിരുദാനന്തര ബിരുദവും, പത്രപ്രവർത്തനത്തിൽ ബിരുദാനന്തരബിരുദ ഡിപ്ലോമയും, മലയാള സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും, സ്ട്രാറ്റജിക് മാനേജ്മെന്റിൽ എം.ഫിലും നേടി. പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനും, കോളമിസ്റ്റും, വാഗ്മിയും, ഗ്രന്ഥകാരനുമാണ്. ജർമ്മനി, ഗ്രീസ്, ഫ്രാൻസ്, നെതർലൻഡ്സ്, യു.എ.ഇ., സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ പ്രചോദനാത്മക പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. ഏഷ്യാനെറ്റ്, കൗമുദി ടി.വി., സൂര്യാ ടി.വി., ശാലോം ടി.വി., ദൂരദർശൻ, ആത്മീയയാത്ര, ഫ്ളവേഴ്സ് ടി.വി. തുടങ്ങിയ ചാനലുകളിൽ വിവിധ പരിപാടികളുടെ അവതാരകനായിരുന്നു. എൻ.ഡി. ടി.വി., സി.എൻ.എൻ., ഐ.സി.ഐ.സി.ഐ., ഐ.എൻ.ജി. വൈശ്യ തുടങ്ങിയ സ്ഥാപനങ്ങളുടെ സീനിയർ മാനേജ്മെന്റ് തലത്തിൽ ജോലി ചെയ്തിട്ടുണ്ട്.

മലയാള ഭാഷയോടും, കേരളീയ സംസ്കാരത്തോടുമുള്ള നിസ്സീമമായ സ്നേഹമാണ് മാനേജ്മെന്റ് വിദഗ്ദ്ധന്റെ ജോലിത്തിരക്കുകൾക്കിടയിലും ഏഴ് വർഷക്കാലത്തിലേറെയുള്ള ശ്രമഫലമായി സിവിൽ സർവ്വീസ് പഠനത്തിനുവേണ്ടിയുള്ള ഗ്രന്ഥങ്ങൾ മലയാളത്തിൽ രചിക്കുവാൻ ഇദ്ദേഹത്തിനു പ്രചോദനമായത്. സിവിൽ സർവീസ് മലയാളത്തിൽ എഴുതാമെന്ന ആശയത്തിന് കേരളത്തിൽ ഏറ്റവും പ്രചാരം നൽകിയ വ്യക്തി എന്ന നിലയിലും ശ്രദ്ധേയനാണ്. സിവിൽ സർവീസ് പരീക്ഷ മലയാളത്തിൽ എഴുതുവാനുള്ള മുഴുവൻ പുസ്തകങ്ങളും തയ്യാറാക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് ശ്രീ. ജോബിൻ എസ്. കൊട്ടാരം ഏറ്റെടുത്ത് വിജയിപ്പിച്ചത്. മലയാളം മീഡിയത്തിൽ പഠിച്ച സാധാരണക്കാരായ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. അബ്സൊല്യൂട്ട് ഐ.എ.എസ്. അക്കാദമിയുടെ സ്ഥാപകനാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട് എന്നീ സ്ഥലങ്ങളിൽ ഈ അക്കാദമി പ്രവർത്തിക്കുന്നുണ്ട്. ർഹരായ നാൽപത് വിദ്യാർത്ഥികൾക്ക് സൗജന്യമായി പരിശീലനം നൽകി സിവിൽ സർവീസിലെത്തിക്കുവാനുള്ള 'റൈസിംഗ് 40' എന്ന പദ്ധതി നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണിപ്പോൾ. ശാന്തിനികേതൻ എന്ന സന്നദ്ധസംഘടനയുടെ ഡയറക്ടറാണ്. ജർമ്മൻ പൗരത്വമുള്ള ക്രിസ്റ്റിയാണ് ഭാര്യ. മകൻ എയ്ഡൻ.

Ph: 9447259402, email: jskottaram@gmail.com

Youtube/Jobin S Kottaram, Facebook, Linkdin/Jobin S Kottaram

www.absoluteiasacademy.com

## ഉള്ളടക്കം


1. ഇന്ത്യൻ ഇക്കോണമി - ആമുഖം ........ 5
2. എന്താണ് ഇക്കോണമി? ........ 10
3. ഇക്കോണമി രൂപീകരണം ........ 13
4. നാഷണൽ ഇൻകം അഥവാ ദേശീയ വരുമാനം ........ 21
5. ദേശീയവരുമാനം എങ്ങനെ കണക്കാക്കാം? ........ 37
6. സാമ്പത്തിക വികസനം അഥവാ ഇക്കണോമിക് ഗ്രോത്ത് ........ 52
7. വേൾഡ് ഹാപ്പിനെസ് റിപ്പോർട്ട് ........ 71
8. ദാരിദ്ര്യവും തൊഴിലില്ലായ്മയും ........ 84
9. പൊതുധനകാര്യവും ബജറ്റിംഗും ........ 104
10. നികുതിയും നികുതി സ്വാധീനവും ........ 131
11. റിസർവ് ബാങ്കും സാമ്പത്തിക പ്രവർത്തനങ്ങളും ........ 156
12. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയും ക്യാപ്പിറ്റൽ മാർക്കറ്റും ........ 199
13. എന്താണ് പണം? ........ 221
14. ആഗോള വ്യാപാര സംഘടന ........ 245
15. ബാലൻസ് ഓഫ് ട്രേഡ് ........ 257


# 1
# ഇന്ത്യൻ ഇക്കോണമി – ആമുഖം

ഇക്കോ (Eco) നോമോസ് (Nomos) എന്നീ ഗ്രീക്ക് പദങ്ങൾ കൂടിച്ചേരുമ്പോൾ ആ ഭാഷയിലെ അർഥം 'വരവു ചെലവുകൾ അഥവാ കണക്കുകൾ' എന്നാണ്. ഈ പദങ്ങളിൽ നിന്നാണ് 'ഇക്കണോമിക്സ്' എന്ന പദത്തിന്റെ ആവിർഭാവം. ഇക്കണോമിക്സ് ഇന്ന് അതിവിശാലമായ ഒരു സാമൂഹ്യശാസ്ത്രമായി വികാസം പ്രാപിച്ചിട്ടുണ്ട്.

ഇക്കണോമിക്സ് എന്ന ഇംഗ്ലീഷ് പദത്തിന് മലയാളഭാഷയിൽ ഉപയോഗിക്കുന്ന സമാനപദങ്ങളാണ് ധനതത്വശാസ്ത്രം, സാമ്പത്തികശാസ്ത്രം ഇവ. എന്നാൽ സമീപകാലത്ത് ആ മലയാളപദത്തേക്കാൾ അധികം പ്രചാരം ഇക്കണോമിക്സ് എന്ന ഇംഗ്ലീഷ് പദത്തിന് കൈവന്നിട്ടുണ്ട്. ഇക്കണോമിക്സിനെക്കുറിച്ചുള്ള ചർച്ചകളിൽ വ്യാപകമായി ഉപയോഗിക്കുന്നതും ഈ ഇംഗ്ലീഷ് പദം തന്നെ.

ഇക്കണോമിക്സിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കണമെങ്കിൽ മനുഷ്യനും ഭൂമിയിൽ മനുഷ്യന് ലഭ്യമായ വിഭവങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അറിവു നേടേണ്ടതുണ്ട്. ഭൂമിയിൽ ലഭ്യമായ വിഭവങ്ങൾക്ക് അഥവാ റിസോഴ്സുകൾക്ക് പരിമിതിയുണ്ട്. ആ വിഭവങ്ങളുടെ വിവേകപൂർവ്വമുള്ള ഉപയോഗപ്പെടുത്തലിന് നമ്മെ സഹായിക്കുന്ന ശാസ്ത്രമാണ് ഇക്കണോമിക്സ്.

ഇക്കണോമിക്സ് രൂപപ്പെട്ട കാലം മുതലേ നിരന്തര വികാസം കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യശാസ്ത്രമാണ്. കാലാകാലങ്ങളിൽ ആ വികസനങ്ങൾക്കനുസരണമായ വിശകലനങ്ങൾക്ക് ഈ ശാസ്ത്രം വിധേയമായിട്ടുമുണ്ട്.